**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1149.** **30.11.2018 ൽ മറുപടിയ്ക്ക്**

**മദ്യവർജ്ജന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയ മദ്യവർജ്ജന പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | വിലയിരുത്തിയിട്ടുണ്ട്. ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ 2017-18 സാമ്പത്തിക വർഷത്തിലെ പദ്ധതി ഇനത്തിൽ നടപ്പിലാക്കിയ ബോധവത്കരണ പ്രവർത്തനങ്ങൾ എക്സിക്യൂട്ടീവ് കമ്മറ്റി വിലയിരുത്തുകയും ആയത് സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിമുക്തി ബോധവത്കരണ പ്രവർത്തനങ്ങളുടെ പ്രതിമാസ റിപ്പോർട്ട് ശേഖരിച്ച്, പ്രതിമാസ അവലോകന യോഗത്തിൽ പരിശോധിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ എക്സൈസ് കാര്യാലയത്തിലും, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും ആരംഭിച്ച വിമുക്തി കൗൺസലിംഗ് സെന്ററുകൾ മുഖാന്തിരം സൗജന്യമായി കൗൺസലിംഗ് സേവനങ്ങൾ നേരിട്ടും ടെലഫോൺ മുഖാന്തിരവും നൽകി വരുന്നുണ്ട്. 14 ജില്ലകളിലും ആരോഗ്യവകുപ്പുമായി സഹകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ആഘോഷ പരിപാടികളിലും ബോധവത്കരണ പവലിയനുകൾ സ്ഥാപിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരിക്കെതിരായി ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ മുഖാന്തിരം ബോധവത്കരണ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പരസ്യങ്ങൾ പ്രക്ഷേപണം ചെയ്തുവരുന്നുണ്ട്. യുവാക്കളിൽ |

| | | | |
|---|---|---|---|
| | | | ലഹരിക്കടിമപ്പെടാതെ കായിക പ്രവർത്തനങ്ങളിലേയ്ക്ക് ശ്രദ്ധ തിരിക്കുന്നതിലേക്ക് വേണ്ടി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും കബഡി, ഫുട്ബോൾ, വോളിബോൾ മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നടപ്പാക്കലിലൂടെ മുൻകാലങ്ങളെ അപേക്ഷിച്ച് മദ്യപാനം എന്ന വിപത്ത് എത്ര ശതമാനം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (ബി) | ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യ വർജ്ജനം പ്രാവർത്തികമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. |
| (സി) | മദ്യവർജ്ജനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്? | സി) | തീരദേശ, ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനം, റസിഡന്റ്സ് അസോസിയേഷൻ, ലൈബ്രറി കൗൺസിൽ, കുടുംബശ്രീ, സ്കൂൾ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബ് അംഗം, ക്ലബ്ബ് കൺവീനർ എന്നിവരടങ്ങിയ ഒരു ടീം വീടുകൾ നേരിട്ട് സന്ദർശിച്ച് ബോധവത്കരണം, എൻ.സി.സി, എൻ.എസ്.എസ്, എസ്.പി.സി. എന്നീ സംഘടനകളുമായി സഹകരിച്ചുള്ള ബോധവത്കരണ പ്രവർത്തനം, പ്രാദേശിക സാമൂഹിക, സാംസ്കാരിക സംഘടനകൾ, സ്പോർട്സ് & ആർട്ട്സ് ക്ലബ്ബുകൾ എന്നിവയുമായി സഹകരിച്ചുള്ള ബോധവത്കരണ പ്രവർത്തനം, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡ് തല കമ്മറ്റി മുഖാന്തിരമുള്ള ബോധവത്കരണ പ്രവർത്തനം, എഫ്.എം. റേഡിയോ, വിഷ്വൽ മീഡിയ, സിനിമ തിയേറ്റർ, പത്ര മാദ്ധ്യമങ്ങൾ മുഖേനയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ